പുതിയ കേന്ദ്ര കയറ്റിറക്കുമതി നയം

20 (*80)ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ കയറ്റിറക്കുമതി നയം സംസ്ഥാനത്തെ കാർഷികരംഗത്തെ ദോഷകരമായി ബാധിക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എപ്രകാരമാണ് ദോഷകരമായി ബാധിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ നയത്തിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി കാർഷികനയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നയം തിരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ എങ്കിൽ വിശദീകരിക്കുമോ;

(ഇ) ഇൻഡോ-അമേരിക്കൻ കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉൽപ്പാദിക്കുന്ന ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങളാണ് സ്വതന്ത്ര ലിസ്റ്റിൽപ്പെടുത്തി ഇറക്കുമതി ചെയ്യുന്നതെന്നു വ്യക്തമാക്കുമോ;

(എഫ്) ഇവയുടെ ഇറക്കുമതി സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ജി) കാർഷിക സമ്പദ്ഘടനയെ തകർക്കുന്ന പ്രസ്തുത ഇറക്കുമതി നയം പുനഃപരിശോധിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) സാമ്പത്തിക ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായും ലോക വ്യാപാര സംഘടനയിൽ ഇൻഡ്യ അംഗമായതിനാലും കാർഷിക, കാർഷികേതര ഉൽപ്പന്നങ്ങൾ സ്വതന്ത്രമായി ഇറക്കുമതി ചെയ്യുന്നതിനുള്ള അവസരവും സാധ്യതയും ഉണ്ട്. അതുവഴി ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന മിക്ക ഉൽപ്പന്നങ്ങൾക്കും വിലക്കുറവ് അനുഭവപ്പെടും. റബ്ബർ, പാംഓയിൽ എന്നിവയെ സംബന്ധിച്ച് ഈ വിപരീതഫലങ്ങൾ ഉണ്ടായിക്കഴിഞ്ഞു.

(സി) ഈ നയങ്ങൾ രൂപീകരിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇവയ്ക്കെതിരായുള്ള ശക്തമായ പ്രതിഷേധം അറിയിക്കുകയും ഇവ പിൻവലിക്കാൻ നിരന്തരം സമ്മർദ്ദം ചെലുത്തുകയും ചെയ്തുവരുന്നു. കാർഷിക നയം നടപ്പാക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) മുഖ്യമന്ത്രിതലത്തിലും, കൃഷിവകുപ്പ് മന്ത്രിതലത്തിലും നിവേദനങ്ങൾ നൽകിയിട്ടുണ്ട്. നേരിട്ടുതന്നെ കേന്ദ്രകൃഷി മന്ത്രി, വാണിജ്യമന്ത്രി എന്നിവരോട് ഇക്കാര്യങ്ങൾ അറിയിക്കുകയും കേന്ദ്ര വാണിജ്യസെക്രട്ടറി, മന്ത്രിമാരുമായും ചീഫ് സെക്രട്ടറിയുമായും ചർച്ച നടത്തിയിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വിശദമായ വിലയിരുത്തൽ നടത്തുന്നതിനായി കാർഷിക കോൽപ്പാദന കമ്മിഷണർ ചെയർമാനായി ഒരു സെക്ടറൽ കമ്മിറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ജി) സമ്മർദ്ദം ചെലുത്തിവരുന്നു.

വിൽപ്പന നികുതി ഏകീകരണം

21 (*81) ശ്രീ. എം.എ. തോമസ് :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീമതി എൻ.കെ. പ്രേമചന്ദ്രൻ :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി ഏകീകരണം സംബന്ധിച്ച് ഉണ്ടായിട്ടുള്ള പൊതുധാരണ നമ്മുടെ അയൽ സംസ്ഥാനങ്ങൾ നടപ്പിലാക്കാൻ തയ്യാറായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുമൂലം കേരളത്തിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രം കൈക്കൊണ്ടിട്ടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) വിൽപ്പന നികുതി ഏകീകരണം എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കാത്ത സാഹചര്യത്തിൽ സംസ്ഥാനത്തിന് വിൽപ്പന നികുതി വരവിൽ കുറവ് വരാതിരിക്കാൻ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) 7/6/2000-ൽ ചേർന്ന സംസ്ഥാന ധനകാര്യമന്ത്രിമാരുടെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ എല്ലാ സംസ്ഥാനങ്ങളും 22/06/2000-നു മുമ്പ് തന്നെ തറനിരക്കുകൾ പൂർണ്ണമായി നടപ്പാക്കണമെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ പുരോഗതി 22/6/2000-ൽ ചേരുന്ന സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം അവലോകനം ചെയ്യുന്നുണ്ട്.

(ഡി) കാപ്പിയുടെ വാങ്ങൽ നികുതി 8%ൽ നിന്നും 4% ആയും കൊച്ചിയിലെ ലേലത്തിൽ വിൽപ്പന നടത്തുന്ന തേയിലയുടെ കേന്ദ്ര വിൽപ്പന നികുതി നിരക്ക് 2% ആയും ഓയിൽമില്ലുകൾക്ക് ബാധകമായ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കാനുപയോഗിക്കുന്ന കൊപ്രയുടെ നികുതി 3% ൽ നിന്നും 1% ആയും കുറവു ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly